




# ജി എച്ച് എസ് എസ് ഏഴിക്കര

# പത്രാധിപസമിതി

ആദിത്യ ടി പി

അന്ന ആന്റണി

നിസരി പി എസ്

സവിഷ്മ എൻ എസ്

രാഹുൽ രാജൻ

അഖിന

ശിവപ്രസാദ്

അരുൺ ഇ ആർ



Prasad K Malanada
Headmaster

# ആശംസകൾ

പുതിയ കാലഘട്ടത്തിലൂടെ കടന്നു പോവുകയാണ് നമ്മുടെ കുട്ടികൾ. ലിറ്റിൽ കൈറ്റ്സിന്റെ വരവോടുകൂടി അതിനു വേഗത കൂടി. ഞങ്ങളുടെ സ്കൂളും അതിനു തയ്യാറായി കഴിഞ്ഞു. ലിറ്റിൽ കൈറ്റ്സിന്റെ പരിശീലനത്തിനായി ഡബിൾ എയർ കണ്ടീഷൻ ഉൾപ്പെടെ സജ്ജീകരിച്ച ക്ലാസ്സ് മുറിയാണ് ഇതിനായി തെരെഞ്ഞെടുത്തത്. "***ഏഴിക്കരപച്ച***" എന്ന പേരിൽ **ലിറ്റിൽ കൈറ്റ്സി**ലെ അംഗങ്ങൾ തയ്യാറാക്കിയ മാഗസിനുവേണ്ടി പരിശ്രമിച്ച വിദ്യാർത്ഥികൾക്കും അതിനു പ്രോത്സാഹനം നൽകിയ അദ്ധ്യാപകർക്കും എന്റെ സ്നേഹം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

എന്ന്,

സ്നേഹപൂർവ്വം

**എച്ച്.എം**

# ഉള്ളടക്കം

...4
ഏഴിക്കരയിലേക്ക് ഒരു എത്തിനോട്ടം...5
ഏഴിക്കര അംബുജാക്ഷൻ...10
കെടാമംഗലം പപ്പുക്കുട്ടി...11
പി .കേശവദേവ്...11
എൻ.ശിവൻ പിള്ള...13
ബഹു: മന്ത്രി എസ് . ശർമ...13
മഹദ്വചനങ്ങൾ...17
ഉഷസ്സ്...18
SHAKESPEARE...21
സ്കൂൾ പാർലമെൻറ് ഇലക്ഷൻ...24
ജൂനിയർ റെഡ്ക്രോസ്സ്...25
ലിറ്റിൽ കൈറ്റ്സ്...26
കൃഷിപാഠം...27
സ്പോക്കൺ ഇംഗ്ലീഷ്...29

# ഏഴിക്കരയിലേക്ക് ഒരു എത്തിനോട്ടം

കായലുകളും നദികളും തോടുകളും നിറഞ്ഞൊഴുകുന്ന നെൽപ്പാടങ്ങളും കേരവും കവുങ്ങും മുല്ലയും മുട്ടിയുരുമി പച്ചവിരിപ്പിട്ട ഹരിതാർദ്ര ഗ്രാമം......വീരൻനദിയുടെ ചിറകിൽ താലോലമേറ്റ് വാത്സല്യംനുകരുന്ന...... സ്നേഹവും, സാഹോദര്യവും, നന്മയും നിറഞ്ഞ....ഈഗ്രാമം.... ഗ്രാമീണ നിഷ്കളങ്കതയുടെ നേർമയുടെ മാനവഹൃദയങ്ങളിലേക്ക്സ്നേഹ സാന്ത്വനസ്പർശമായെത്തുന്ന ഒരിളം കാറ്റിന്റെ തലോടൽ ഇതാണെന്റെ ഗ്രാമം....വിദ്യയും സംസ്കാരവും സൗഹാർദ്ദവും പൈതൃകമായി കാക്കുന്ന ഈ ഗ്രാമം..... മറക്കില്ലൊരിക്കലും പിച്ചവെച്ചുനടന്ന ഈ സ്നേഹഭൂവിനെ ഇതാണെന്റെ ശക്തി ഇതാണെന്റെ കുതിപ്പ്.

തോമാശ്ലീഹായുടെ പുണ്യപാദ സ്പർശനമേറ്റ പറവൂരിന്റെ പരിസര പ്രദേശത്താണ് എന്റെ ഗ്രാമം സ്ഥിതിച്ചെയ്യുന്നത്. എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്താണ് ഏഴിക്കര. പറവൂർ പ്രദേശം 1764-വരെകൊച്ചിരാജ്യത്തിന് മേൽക്കോയ്മപിണ്ടിന വട്ടത്തു സ്വരൂപത്തിൽപ്പെട്ട നമ്പൂതിരിമാരുടെ ഭരണത്തിലായിരുന്നു. 1762 തിരുവിതാംകൂറിലെ ധർമ്മരാജ്യത്തിന്റെ ഭരണകാലത്ത് കൊച്ചിരാജാവുമായി ഉണ്ടാക്കിയ ഉടമ്പടിയനുസരിച്ച് കൊച്ചിരാജ്യം ആക്രമിച്ച കോഴിക്കോട് സാമൂതിരിയെ പ്രധാനമന്ത്രി അയ്യപ്പൻമാർത്താണ്ഡപ്പിള്ളയുടെയും കുളച്ചൽയുദ്ധത്തിൽ തടവുകാരനാക്കപ്പെട്ട വലിയ കപ്പിത്താൻ പദവിയിലെത്തിയ ഡെച്ച് സേനാധിപൻ ഡിലനോയുടെയും നേതൃത്വത്തിൽ യുദ്ധം ചെയ്ത് തോൽപ്പിച്ച് ഓടിച്ചു.

ഉടമ്പടിയിലെ വ്യവസ്ഥ പ്രകാരം ആലങ്ങാടും പറവൂരും അന്നുമുതൽതിരുവിതാംകൂർ രാജ്യത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെട്ടു.പാറക്കടവായിരുന്നു അന്ന് ഇതിന്റെ ആസ്ഥാനം. ഇന്ത്യയുടെ ചരിത്രകവാടമായിരുന്ന കൊടുങ്ങല്ലൂരിനും പറവൂരിനും അടുത്ത് കിടക്കുന്ന ഏഴിക്കര ചരിത്ര സംസ്കാരങ്ങളുടെ സുഗന്ധമേറ്റു വളർന്ന സ്ഥലമാണ്.ഒരു പക്ഷേ ഈ ഗ്രാമവും അതിൽ പങ്കാളിയായിട്ടുണ്ടാകാം. ആഴിമാറി കരയായ ആഴിക്കര പിന്നീട് ഏഴിക്കരയായി എന്നു കരുതപ്പെടുന്നു.

സമ്പാദനം:ആദിത്യ.ടി.പി.

# ഏഴിക്കരപ്പച്ച

എട്ടോ,ഒൻപതോ ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തൃതിയുള്ളൊരു ഗ്രാമത്തിൽ പ്രതിദിനം ഉൽപാദിപ്പിക്കുന്ന പാലിന്റെ അളവ് 700 ലീറ്റർ. 2000-3000 കോഴിമുട്ട, ക്വിന്റൽ കണക്കിനുപച്ചക്കറികൾ... പാലും മുട്ടയുംഅരിയും മൽസ്യവും



പൂക്കളും ഔഷധസസ്യ കൃഷിയുമെല്ലാം ചേർത്ത്, ഇന്നത്തെ കാലത്തു സങ്കൽപ്പമെന്നു തോന്നാവുന്ന സ്വയംപര്യാപ്തതയുടെവിജയകഥ കാണിച്ചുതരികയാണു പറവൂരിലെ ഏഴിക്കര പഞ്ചായത്ത്. രാസവസ്തുക്കളൊന്നും തൊടാത്ത തികച്ചും ജൈവമായ നേട്ടം. സദ്യ വിളമ്പാൻ ഇലപോലും മറുനാട്ടിൽ നിന്നുവരുന്ന നാട്ടിൽ, ജില്ലയുടെ പടിഞ്ഞാറൻ തീരത്ത്, മൂന്നുചുറ്റിലും ഉപ്പുവെള്ളംനിറഞ്ഞ സ്ഥലത്താണിതെന്നോർക്കണം. ഒരു നാടിന്റെ സ്വയംപര്യാപ്തതയുടെ കഥമാത്രമല്ലിത്, അറുപതു വർഷത്തോളം നഷ്ടത്തിൽ പ്രവർത്തിച്ച പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്കിന്റെ വിജയകഥ കൂടിയാണ്. ഏഴിക്കര പഞ്ചായത്തിന്റെ ആറു വാർഡുകളിൽ പള്ളിയാക്കൽ ബാങ്ക് നടപ്പാക്കുന്ന കാർഷിക വിപ്ലവം ബാങ്കിനെ മാത്രമല്ല, നാടിനെത്തന്നെ മാറ്റിമറിക്കുന്നു. കാർഷിക മേഖലയിൽ ജില്ലയ്ക്കാകെ മാതൃകയാവുന്നു. പഞ്ചായത്തിന്റെ പകുതിയോളം വരുന്ന ഭാഗത്ത് ആകെയുള്ള 2000 കുടുബങ്ങളിൽ 1500 പേരും ഏതെങ്കിലുംതരത്തിൽ കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ബാങ്കിന്റെ പ്രവർത്തനംവഴി ഏഴിക്കര പഞ്ചായത്ത് ഭക്ഷ്യവിഭവങ്ങളുടെ കാര്യത്തിൽ 80%സ്വയംപര്യപ്തമാണ്. പുറത്തുനിന്നു പച്ചക്കറിയോ,പാലോ,മുട്ടയോ,അരിയോ ഇങ്ങോട്ടു

വരുന്നില്ലെന്നല്ല അർഥം.ഒരു നാടിനു വേണ്ടതിൽകൂടുതൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്നു, ആവശ്യം കഴിഞ്ഞുള്ളവ പുറത്തു വിൽക്കുന്നു. പഞ്ചായത്തിനു കീഴിലെ ശേഷി കുന്ന വാർഡുകളിൽ ഗാന്ധി സ്മാരക സർവീസ് സഹകരണ ബാങ്ക് നടത്തുന്ന കാർഷിക പ്രവർത്തനങ്ങൾകൂടി ഫലപ്രാപ്തിയിലെത്തുമ്പോൾ ഏഴിക്കര 100% സ്വയംപര്യാപ്ത ഗ്രാമമാവും.ഓരോ ഗ്രാമവും അവർക്ക് ആവശ്യമുള്ളത് ഉൽപ്പാദിപ്പിക്കണമെന്ന ഗാന്ധിയൻ സങ്കൽപ്പം ഏഴിക്കരയിൽ പ്രാവർത്തികമാക്കുക മാത്രമല്ല, അടുത്തുള്ളവർക്ക് അതു വിൽപ്പന നടത്തി ഗ്രാമ വികസനത്തിന്റെ മാതൃക സൃഷ്ടിക്കുകകൂടിയാണു ബാങ്ക്.16 വർഷമായി ഈ സംവിധാനം പ്രവർത്തിക്കുന്നു. നേന്ത്രകായ് മാത്രം 100 ടൺ .50 ടൺ പച്ചക്കറി ,15 ലക്ഷം മുട്ട, രണ്ടു ലക്ഷ്യംലീറ്റർ പാൽ, ഒരു ടൺ മുല്ലപ്പൂ എന്നിവ പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്നു. പഴം പച്ചക്കറി ഇനത്തിൽ മാത്രം 60 ലക്ഷം രൂപയും പാൽ വിൽപനയിൽഒരു കോടി രൂപയും മുട്ട വിൽപനയിൽ 72 ലക്ഷം രൂപയുമാണ് വരുമാനം. മുല്ലപ്പൂ വിറ്റു നേടിയത് നാലു ലക്ഷം രൂപ. മുട്ട ഉൽപാദനത്തിനുമാത്രം ഒൻപതു ചതുരശ്ര കിലോമീറ്ററിൽ നൽകിയിരിക്കുന്ന വായ്പ 24 ലക്ഷം രൂപയാണ്. നഷ്ടംമൂലം പൂട്ടാൻ തീരുമാനിച്ച ഒരു സഹകരണബാങ്ക് ഒരു നാടിന്റെ വികസനത്തിനു നെടുനായകത്വം വഹിച്ച കഥയാണിത്.

സമ്പാദനം: സവിഷ്ണ.N.S.




ഹയർ സെക്കന്ററി സ്കൂൾ ഏഴിക്കര

# ഏഴിക്കരയുടെ പ്രിയപുത്രർ

കായലുകളും തോടുകളും നദികളും നിറഞ്ഞൊാവുകമി പച്ചവിരിപ്പിട്ട വർണശബളമായ ഒരു ഗ്രാമമാണ് ഏഴിക്കര. വിദ്യയും സംസ്കാരവും സൗഹൃദവും പൈതൃകമായി കാക്കുന്ന ഗ്രാമത്തെക്കുറിച്ചോർക്കുമ്പോൾ എനിക്കാദ്യമായി എഴുതാനുള്ളത് ഏഴിക്കരയുടെ പ്രിയപുത്രനെക്കുറിച്ചാണ്.

## *ഏഴിക്കര അംബുജാക്ഷൻ*

ഏഴിക്കര ഗ്രാമത്തിന്റെ പേര് കേരളത്തിലും ഇന്ത്യയിലും സുപരിചിതമാക്കിയ ഒരു സാഹിത്യകാരനാണ് ഏഴിക്കര അംബുജാക്ഷൻ ഒരു നാടക കൃത്ത്, നൃത്ത സംവിധായകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ സഹൃദയ കേരളത്തിനു മറക്കാൻ കഴിയാത്ത ഒരു കലാപ്രതിഭയാണ്ഏഴിക്കര അംബുജാക്ഷൻ.

അദ്ദേഹം 1932 ൽഏഴിക്കരയിൽ ജനിച്ചു വളർന്ന അദ്ദേഹം വിദ്യാലയം വിട്ടശേഷം ബോംബയിൽ പത്രപ്രവർത്തകനായി വളരെകാലം സേവനം അനുഷ്ഠിച്ചു. "ഈ വിളക്ക് അണയാതിരിക്കട്ടെ" എന്ന നാടകമാണ് അദ്ദേഹത്തിന്റെ കൃതികളിൽ ഏറ്റവും മികച്ചത്.ഈ നാടകത്തിന് കേന്ദ്രസാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ 849 ഫാസ്റ്റ്, സൃഷ്ടി,സന്ധി,ഇക്കാവമ്മ,എൻ.ഒ.സി തുടങ്ങിയ നാടകങ്ങളും "ഞാൻ" എന്ന ചെറുകഥാസമാഹാരവും അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഏഴിക്കരയുടെ പ്രഗൽഭരായ വ്യക്തികളിൽ ഒരാളായ ഈ ധന്യാത്മാവ് 2000-ാം ആണ്ടിൽ അന്തരിച്ചു.


## കെടാമംഗലം പപ്പുക്കുട്ടി



പുരോഗമന സാഹിത്യപ്രസ്ഥാനത്തിൽ കവിതയെഴുതി പ്രതിഷ്ഠനേടിയ ഒരു ജനകീയ കവിയാണ് ശ്രീ.കെടാമംഗലം പപ്പുക്കുട്ടി. "കടത്തുവഞ്ചി" എന്ന കാവ്യസമാഹാരത്തിലൂടെ കേരളീയരുടെ പ്രശംസയ്ക്ക് പാത്രമായ ഒരു മഹാകവിയാണ് ശ്രീ.കെടാമംഗലം പപ്പുകുട്ടി. മന്ത്രിയുടെ മകൻ, ഞങ്ങൾ ചോദിക്കും, അവനും പെൺസിംഹവും തുടങ്ങിയവയാണ് കെടാമംഗലത്തിന്റെ പ്രധാനകൃതികൾ. 1974 സെപ്റ്റംബർ 20-ാം തിയതി ഈ മഹാൻ ദിവംഗതനായി.

അന്ന ആന്റണി

## പി. കേശവദേവ്



ഉലിക പടവാളാക്കിയ ധിക്കാരിയായ ഒരു എഴുത്തുകാരനായിട്ടാണ് പി.കേശവദേവ് അറിയപ്പെട്ടിരുന്നത്. അദ്ദേഹം 1905 ൽ പറവൂർ താലൂക്കിലെ കെടാമംഗലത്ത് നെല്ലേടത്ത് വീട്ടിൽ കാർത്ത്യായനിയുടെയും അപ്പപിള്ളയുടെയും മകനായി ജനിച്ചു. കേശവപിള്ള എന്നായിരുന്ന പേര്. ആര്യ സമുദായത്തിൽ ചേർന്നപ്പോഴാണ് ജാതിനാമം ഉപേക്ഷിച്ച്കേശവദേവായി മാറിയത്. പറവൂർ ഗവൺമെന്റ് ഹൈസ്കൂളിൽ പഠിച്ചിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമിയിലും സാഹിത്യപരിഷത്തിലും

അംഗമായിരുന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ "അയൽക്കാരൻ" എന്ന നോവലിന് പുറമെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. അയൽക്കാർ എന്ന നോവലിനു പുറമെ ഭ്രാന്താലയം, ഓടയിൽ നിന്ന്, ഒരു രാത്രി, മാതൃഹൃദയം എന്നീ നോവലുകളും പത്തോളം നാടകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരിഞ്ഞു നോട്ടം, എതിർപ്പ് എന്നീ ആത്മകഥകളും രണ്ട് ഭാഗങ്ങളായി പ്രസിദ്ധീകരിച്ച് കഥാസമാഹാരങ്ങളും കേശവിന്റേതായിട്ടുണ്ട്.

## കെടാമംഗലം സദാനന്ദൻ



കഥാപ്രസംഗരംഗത്ത് തുടർച്ചയായി 60 വർഷം പൂർത്തിയാക്കിയ ഒരു അതുല്യ കലാകാരനാണ് ശ്രീ. കെടാമംഗലം സദാനന്ദൻ. അദ്ദേഹം 1925 ൽ കെടാമംഗലത്ത് മനയത്ത് കണാട്ടമ്പിള്ളി അയ്യപ്പന്റെയും പാർവതിയുടെയും മകനായി ജനിച്ചു. മൂത്തകുന്നം എസ്.എൻ.എം.ഹൈസ്കൂളിൽ പഠിച്ചു.വിദ്യഭ്യാസം പൂർത്തിയാക്കി ഇതിനുശേഷം സ്വപ്രയത്നംകൊണ്ട് സംസ്കൃതത്തിലും മലയാളത്തിലും വേണ്ടത്ര പാണ്ഡിത്യം നേടി.

ഇതു വരെ പതിനായിരം വേദികളിൽ കഥ പറഞ്ഞുകഴിഞ്ഞ അദ്ദേഹത്തിന്റ ഏറ്റവും പ്രധാനപ്പെട്ട കഥയായ “രമണൻ” മാത്രം മൂവായിരത്തി നാനൂറ്റി പതിനൊന്നു വേദികളിൽ അവതരിപ്പിച്ചു കഴിഞ്ഞു. വാഴക്കുല, രമണൻ,എന്നിവയ്ക്കു പുറമേ അഗ്നിപരീക്ഷ, കർണ്ണൻ എന്നിവ കെടാമംഗലത്തിന്റെ കഥകളിൽ പ്രധാനപ്പെട്ടവയാണ്. മരുമക്കൾ,തസ്കരവീരൻ തുടങ്ങിയവ ചലച്ചിത്രങ്ങളിൽ അഭിനയിച്ചു.



## എൻ. ശിവൻ പിള്ള

സ്വാതന്ത്ര്യ സമര പോരാട്ടത്തിലും പിന്നീട് രാഷ്ട്രീയ പ്രവർത്തനത്തിലും തന്റെ മനക്കരുത്തും നിശ്ചയ ദാർഢ്യവും ഇച്ഛാശക്തിയും കൊണ്ട് ജനനേതാവായി ഉയർന്നു വന്ന മഹദ് വ്യക്തിയാണ് ശ്രീ. എൻ ശിവൻപിള്ള. ഇദ്ദേഹം 1917 ഫെബ്രുവരി 5 -ാം തീയതി ഏഴിക്കരയിൽ ജനിച്ചു. 23-ാം വയസിൽ സ്വാതന്ത്ര്യ സമര പ്രവർത്തകനായി. ഈ കാലഘട്ടത്തിൽ അദ്ദേഹം ജയിൽ വാസം അനുഭവിച്ചു കൊടിയ പോലീസ് മർദനങ്ങൾ ഏൽക്കേണ്ടി വന്നു. മൂന്നുപ്രാവശ്യം സംസ്ഥാനനിയമസഭയിൽ അംഗമായിരുന്ന ശ്രീ . ശവൻപിള്ള ലളിതമായ ജീവിതം നയിച്ചുവന്ന ഒരു ജനനേതാവാണ്.

അഖിന .എ.ആർ

## ബഹു: മന്ത്രി എസ്. ശർമ



**കേരളരാഷ്ട്രീയത്തിലെ** സമുന്നത നേതാവും കേരളത്തിലെ മുൻ വിദ്യുച്ഛക്തി, ഫിഷറിസ്, രജിസ്ട്രേഷൻ വകുപ്പുമന്ത്രിയും ഇപ്പോഴത്തെ വൈപ്പിൻ എം.എൽ.എയുമായ ശ്രീ. എസ്.ശർമ്മ 1954 ഒക്ടോബർ 24 ന് ഏഴിക്കരയിൽ ജനിച്ചു. ഏഴിക്കര മണ്ണപ്പശ്ശേരിൽ വിട്ടിൽ ശ്രീ.ശേഖരന്റ മകനാണ്.

സ്കൂൾ ജീവിതത്തിൽ എസ്.എഫ്.ഐ.യിലേക്ക് രംഗപ്രവേശനം ചെയ്തു ഇദ്ദേഹം എസ്.എസ്.എൽ.സി. ഐ.ടി ഐ.വരെയാണ് പഠിച്ചത്. കർമ്മധീരനായ ഇദ്ദേഹം എസ്. എഫ്. ഐ., ഡി.വൈ.എഫ്.ഐ എന്നീസംഘടനയുടെ ആഭിമുഖ്യത്തിലുള്ള ധാരാളം സമരങ്ങൾക്കു നേതൃത്വം നൽകി. 1984 ൽ
ഡി .വൈ..എഫ്.ഐ. യുടെ ജില്ലാ സെക്രട്ടറിയായ ഇദ്ദേഹം 1985 ൽ ഡി.വൈ.എഫ്.ഐയുടെ ജില്ലാകമ്മറ്റി അംഗമായി. തുടർന്ന് ഒരു വർഷത്തിനുശേഷം 1986 ൽ ഡി.വൈ.എഫ്.ഐ. യുടെ ജില്ലകമ്മിറ്റി അംഗമായി. തുടർന്ന് ഒരു വർഷത്തിനുശേഷം 1986-ൽ ഡി.വൈ.എഫ്.എ യുടെ സംസ്ഥാന പ്രസിഡന്റിന്റെ ചുമതല വഹിച്ചു. 1987-ൽ കേരള നിയമസഭയിലേക്ക് എം.എൽ.എ യായി തെരഞ്ഞെടുത്തശേഷം, 1998 മുതൽ വൈദ്യുതി സഹകരണം മന്ത്രിയായി. ശർമ്മ 2001 വരെ ആ സ്ഥാനത്ത് തുടർന്നു.

**വിൻസി.വിനു**

ഹരിത സുന്ദരമായ ഏഴിക്കര ഗ്രാമത്തിൽ ധാരാളം പ്രശസ്ത വ്യക്തികളുണ്ടന്ന് നാം കണ്ടു . ഇനിയും ഒത്തിരിയേറെ സാഹിത്യകാരന്മാരും കലാകാരന്മരും ഏഴിക്കര ഗ്രാമത്തിൽ നിന്നു ഉടലെടുക്കേണ്ടതായിട്ടുണ്ട്. വിദ്യാലയത്തിലുള്ള വിദ്യരംഗം കലാസാഹിത്യ വേദിയിലൂടെയാണ് ഓരോ സാഹിത്യകാരന്മാരും വളർന്നുവരുന്നത്. അതിനാൽ വിദ്യാരംഗം കലാസാഹിത്യവേദിയെ തങ്ങൾക്കു വളർന്നു വരാനുള്ള ഒരു വേദിയായി കണക്കാക്കി ഓരോ വിദ്യാർഥിയും ഉപയോഗപ്പെടുത്തണമെന്ന് ആശംസിച്ചുകൊണ്ട് നിർത്തട്ടെ.

# നാട്ടു വൈദ്യം

- മുഖക്കുരു :തുളസിയില തിരുമി നീര് മുഖത്ത് പുരട്ടുക.
- വായ് നാറ്റം :ഗ്രാമ്പൂ വായിലിട്ടുകൊണ്ടിരിക്കുക.
- കണ്ണുവേദന :തുളസിനീര് കണ്ണിൽ ഇറ്റിക്കുക.
- എക്കിൾ :തുമ്പപ്പൂവ് അരച്ച് മോരിൽ സേവിക്കുക.
- അകാല നര :കരിഞ്ചീരക എണ്ണ തലയിൽ തേക്കുക.
- വിശപ്പില്ലായ്മ :പപ്പായ പതിവായ് കഴിക്കുക.
- അമിതവണ്ണം : ബ്രഹ്മി ഇടിച്ച് പിഴിഞ്ഞ നീരിൽ തേൻ ചേർത്ത് കഴിക്കുക.
- അരുജി :ഏലത്തിരി ചവയ്ക്കുക.
- അർബുദം :നിലം പാല പാലിൽ അരച്ച് കുടിക്കുക.
- അലർജി :തേങ്ങാപ്പാൽ പുരട്ടുക.
- ആസത്മ :കയ്യോന്നി നീരിൽ കുരുമുളക് പൊടിച്ച് ചേർത്ത് 5ml കഴിക്കുക.
- ഉന്മാദം :കൊടിത്തുവ വേര് കഷായം വെച്ച് തേൻ ചേർത്ത് സേവിക്കുക.
- ഉറക്കക്കുറവ് :ജാതിക്ക അരച്ച് പാലിൽ കഴിക്കുക.
- ചെങ്കണ്ണ് :ചുവന്നുള്ളി കൺപോളയിൽ തടവുക.
- കാഴ്ച്ചക്കുറവ് :ധാരാളം ചുവന്നുള്ളി കഴിക്കുക.
- തിമിരം :തഴുതാമയില തോരൻ ഉണ്ടാക്കി കഴിക്കുക.
- കഷണ്ടി :കീഴാർനെല്ലി അരച്ച് തലയിൽ തേച്ച് 10 മിനിറ്റുശേഷംകുളിക്കുക. ഒരു മാസം തുടർച്ചയായി ചെയ്യുക.
- താരൻ :ഒലിവെണ്ണ ചൂടാക്കി തലയിൽ പുരട്ടുക.
- മുടി തഴച്ച് വളരാൻ :കുളിക്കുന്നതിന് 10 മിനിറ്റ് മുൻപ് കീഴാർനെല്ലി അരച്ച് തലയിൽ പുരട്ടുക.

-ആദിത്യ.ടി.പി.

## ഉപ്പ് ചൊല്ലുകൾ

- അട്ടയുടെ മുഖത്ത് ഉപ്പിട്ട പോലെ
- അറുത്ത കൈയ്യിന് ഉപ്പ് തേക്കില
- ഉപ്പിനോടൊക്കുമോ ഉപ്പിലിട്ടത്
- ഉപ്പിലിട്ടത് ഉപ്പിനേക്കാൾ പുളിക്കുമോ
- ഉപ്പു വിറ്റാലും വട്ടി വിൽക്കരുത്
- ഉപ്പിൽ വീണ ചത്ത പല്ലിയെ പോലെ
- ഉപ്പ് തിന്നവൻ വെള്ളം കുടിക്കും
- ഉപ്പ് തൊട്ട് കർപ്പൂരം വരെ

### എങ്ങനെ വായിച്ചാലും ഒരുപോലെ

- വികടകവി
- കത്രിക
- ജലജ
- കറുക
- കനക
- മോരുതരുമോ

ശിവപ്രസാദ് 9. A

# മഹദ്‌വചനങ്ങൾ

ഓരോ വിദ്യാലയവും വിശുദ്ധിയുടെ സ്ഥലമാണ് വിശുദ്ധമല്ലത്തതും അധമമായിട്ടുള്ളതുമായ യാതൊന്നുംഅവിടെ ഉണ്ടാവാൻ പാടില്ല

-ഗാന്ധിജി

മനുഷ്യന്റെ സകലകഴിവുകളുടെയും വികസനമാണ് വിദ്യാഭ്യാസം

-സോക്രട്ടീസ്

കർത്തവ്യബോധം ഉണ്ടാകുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം

-ഗാന്ധിജി

മാനസീകവും ശാരീരികവുമായ പൂർണതയും സൗന്ദരവും തേടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്

-പ്ലേറ്റോ

രഷ്ട്രീയത്തിനുവേണ്ടി പരിശീലനം നേടുക രാഷ്ട്രത്തേയും പ്രകൃതിയേയും സ്നേഹിക്കുക ഇതാണ് വിദ്യാഭ്യാസം

-കൗടില്ല്യൻ

***--രാഹുൽ രാജൻ***

# ഉഷസ്സ്

പോകുന്നിതാ ഉഷസ്സിനെ തേടി
പോകുന്നിതാ ഉഷസ്സിനെ തേടി
ആയിരം അന്ധകാരത്തിൽ തഴുകി ഞാൻ
പോകുന്നിതാ ഉഷസ്സിനെ തേടി
വിധിമുറുവേൽപ്പിച്ച അഗാതധയിൽ നിന്ന്
വിധിയോടു മത്സരിച്ചു മുന്നേറി ഞാൻ
[പോകുന്നിതാ]

ഭൂമിയും പാതാളവും കീഴ്മേൽ മറിയവേ,
രക്തതടാകങ്ങൾ  നീന്തികടക്കവേ,
തമസാം ഹിംസ കാറ്റിൽ പരക്കവേ,
ലെനിനും സ്റ്റാലിനും പോയിമറയവേ,
കാളിന്റെ സിദ്ധാന്തം കാറ്റിൽ ലയിക്കവേ
കണ്ടു ഞാൻ ആ ദിവ്യ പ്രകാശത്തെ
ഉഷസാം ദിവ്യ പ്രകാശത്തെ
മഹാത്മാവായ ദിവ്യ പ്രകാശത്തെ
അഹിംസയാം ദിവ്യ പ്രകാശത്തെ

*--ജയലക്ഷ്മി*

# അണ്ണാറക്കണ്ണന്റെ കൗശലം

ഒരു കാട്ടിൽ മിക്കി എന്നുപേരുള്ള ഒരു അണ്ണാൻ ഉണ്ടായിരുന്നു. അവൻ മഹാകുറുമ്പനും ബുദ്ധിശാലിയും ആയിരുന്നു. ഒരു ദിവസം മിക്കി മരങ്ങളിലൂടെ ചാടി ചാടി നടക്കുകയായിരുന്നു. പെട്ടെന്ന് കൈവിട്ട് അവൻ നിലത്തേക്ക് വീണു. വീണതിന്റെ ആഘാതത്തിൽ അവന്റെ ബോധം നഷ്ടപ്പെട്ടു. കുറച്ചുകഴിഞ്ഞപ്പോൾ ബോധം വീണു കിട്ടിയപ്പോൾ അവൻ ഒരു കുറുക്കന്റെ കൈകളിലാണ് എന്ന് അവന് മനസ്സിലായി. കുറുക്കൻ അവൻ ഉണരുന്നതും നോക്കി നിൽക്കുകയായിരുന്നു. മിക്കി ഉണർന്നപ്പോൾ കുറുക്കന് സന്തോഷമായി. അവൻ സന്തോഷത്തോടെ മിക്കിയോട് പറഞ്ഞു. ഞാൻ നിന്നെ ഭക്ഷിക്കുവാൻ പോവുകയാണ്. നിനക്ക് അവസാനമായി എന്തെങ്കിലും ആഗ്രഹം ഉണ്ടോ? പേടിച്ചു വിറച്ച മിക്കി രക്ഷപ്പെടാൻ വല്ലമാർഗ്ഗവും ഉണ്ടോ എന്ന് അന്വേഷിച്ച് ചുറ്റും ഒന്ന് നോക്കി. അവരുടെ അടുത്ത് ഒരു വലിയ പ്ലാവ് നിൽക്കുന്നതും അതിൽ വലിയ ഒരു കിളിക്കൂടും തൊട്ടടുത്ത് ഒരു വലിയ ചക്കയും മിക്കി കണ്ടു. അവന് ഉടൻ ഒരു സൂത്രം തോന്നി.അവൻ കുറുക്കനോട് പറഞ്ഞു. “എന്റെ പൊന്നു ചങ്ങാതി അങ്ങ് എന്നെ വിടുകയാണെങ്കിൽ ഞാൻ ആ പ്ലാവിന്റെ മുകളിലുള്ള കിളിക്കൂട്ടിൽ നിറയെ മുട്ടകൾ ഉണ്ട്. അത് മുഴുവൻ അങ്ങേക്ക് എടുത്തുതരാം".

കുറുക്കൻ ഒരു നിമിഷം ഒന്ന് ആലോചിച്ചു. "ഈ ചെറിയ അണ്ണാനെ ഭക്ഷിച്ചാൽ എന്റെ വിശപ്പ് മുഴുവൻ മാറുകയില്ല.എന്നാൽ ആ മുട്ടകൾ മുഴുവൻ കഴിച്ചാൽ എന്റെ വിശപ്പ് മാറും. മാത്രമല്ല കുറെ

നാളുകളായി മുട്ടകൾ തിന്നിട്ട് കുറുക്കൻ മിക്കിയോട് പറഞ്ഞു. “ഞാൻ നിന്നെ വെറുതെ വിടാം. നീ എനിക്ക് ആ മുട്ടകൾ എടുത്ത്തരണം. എന്നെ പറ്റിക്കാൻ നോക്കിയാൽ ഞാൻ നിന്നെ വെറുതെ വിടില്ല " ഇങ്ങനെ പറഞ്ഞു കൊണ്ട് കുറുക്കൻ മിക്കിയെ സ്വതന്ത്രനാക്കി.

മിക്കി കുറുക്കനോട് നന്ദിപറഞ്ഞു പ്ലാവിന്റെ മുകളിൽ കയറി എന്നിട്ട് കുറുക്കനോട് പറഞ്ഞു. “എനിക്ക് മുട്ടകൾ എടുത്ത് താഴെ കൊണ്ടുവരാൻ കഴിയാത്തതിനാൽ അങ്ങ് വായ തുറന്ന് ചുവട്ടിൽ നിന്നാൽ മതി ഞാൻ ഓരോ മുട്ടകളായി അങ്ങയുടെ വായിലേക്ക് ഇട്ട് തരാം.” ഇത് കേട്ട് കുറുക്കൻ പ്ലാവിന്റെ ചുവട്ടിൽ വായും പൊളിച്ച് നോക്കി നിന്നു.




അണ്ണാൻ വേഗം ആ ചക്കയുടെ തണ്ട് കടിച്ച് ചക്ക താഴെ ഇട്ടു. അത് കുറുക്കന്റെ തലയിൽ വീണ് കുറുക്കൻ മരിച്ചു.

സമ്പാദനം: നിസരി .P.S

# SHAKESPEARE

The Great Dramatist



English play-right and poet .He was born on April 24,1564 at straford on the bank of the river Amon. His mother was Mary Arden. Other details about his early childhood or education are not available on November 22,1582 Shakespeare married Anne Hathaway who was older than him by eight years their married life was not pleasant or peaceful as per the available record.

In 1987 Shakespeare left straford and reached London There he came in contact with drama troupe. He acted at a theatre in London also in 1929 he started a drama troops of his own and stayed his first drama 'loves labours lost'. He had written his drama with help of few artist. He sound drama was comedy of errors by 1592 he has

emerged as a prominent play right in London.

The drama written in the early period of his life were all comedies. Then he wrote few romantic comedies also. He wrote a number
He wrote a number of tragedies which
were widely accepted by the audiences as well as literary critics. His known comedy plays are 'As you Like it', 'Mid summer Night's drama', 'The timing of the show ','The merchant of venice' etc. The major tragedies
are 'Romeo and juliet', caesar, 'othello, macbeth, king Lear and hamlet.
Shakespeare was dramatists of exceptional talent the characters each characters are quoted profusely in many literary works he is even now considered as a gaint in the word of literary.
In the last phase of his life Shakespeare returned to his home

Rahul Rajan

# ജി എച്ച് എസ് എസ് ഏഴിക്കര

# മികവ് 2018-2019

## സ്കൂൾ പാർലമെൻറ് ഇലക്ഷൻ

വിദ്യാർത്ഥികൾക്ക് പാർലമെൻററി ജനാധിപത്യത്തെക്കുറിച്ച് , നാമ നിർദേശ പത്രിക സമർപ്പിക്കുന്നതു മുതൽ ഫലപ്രഖ്യാപനം വരെയുള്ള ഘട്ടങ്ങളുടെ കൃത്യമായ അവബോധം നല്കിക്കൊണ്ട് **ജി.എച്ച്.എസ്.എസ് ഏഴിക്കര** എല്ലാ വർഷവും അതിന്റെ സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി വരുന്നു.

## School Parliament Election 2018-19














# ജൂനിയർ റെഡ്ക്രോസ്സ്






# ലിറ്റിൽ കൈറ്റ്സ്


ലിറ്റിൽ കൈറ്റ്സ്
GHSS ഏഴിക്കര
0484 250 8931


ലിറ്റിൽ കൈറ്റ്സ്
GHSS ഏഴിക്കര
0484 250 8931


ലിറ്റിൽ
കൈറ്റ്സ്
ഏകദിന പരിശീലനം
04-08-2018
GHSS EZHIKKARA







# കൃഷിപാഠം











# സ്പോക്കൺ ഇംഗ്ലീഷ്

ലോകത്തിലേറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന ഇംഗ്ലീഷ് ഭാഷ അന്താരാഷ്ട്ര തലത്തിൽ ആശയ വിനിമയത്തിനുതകുന്ന ഒരു ഭാഷയാണ്. നമ്മുടെ നാട്ടിൽ പ്രാഥമിക തലം മുതൽ വളരെ പ്രാധാന്യത്തോടുകൂടി ഈ ഭാഷ പഠിപ്പിക്കപ്പെടുന്നുണ്ടെങ്കിലും, ആശയവിനിമയ തലത്തിൽ ബിരുദധാരികൾക്കു പോലും വഴങ്ങാത്ത ഒരു സാഹചര്യം നിലവിലുണ്ട് ഇതിനൊരു എളിയ പരിഹാരമെന്ന നിലയിലാണ് മുഴുവൻ വദ്യാർത്ഥികൾക്കുമായി സ്കൂൾ അധികൃതർ മുൻകൈയെടുത്ത് ഒരു സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് നടത്തി വരുന്നു



# ചിത്രരചന










# നവീകരിച്ച ഐ.ടി ലാബ്



# GHSS EZHIKKARA



# Thank you